പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1796 08.06.2018-ലെ മറുപടിയ്ക്ക്

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഏതൊക്കെ വിഭാഗങ്ങളെ സംയോജിപ്പിച്ചാണ് പൊതു സർവ്വീസ് രൂപീകരിക്കുന്നത് ; | (ബി) | പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, മുനിസിപ്പൽ കോമൺ സർവ്വീസ്, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വംയഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ സംയോജിപ്പിച്ചാണ് പൊതു സർവ്വീസ് രൂപീകരിക്കുന്നത്. |
| (സി) | പൊതു സർവ്വീസ് രൂപീകരിക്കുന്നതോടെ ജീവനക്കാരുടെ സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | ഏകീകൃത പൊതു സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുവാൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ഡി) | പൊതു സർവ്വീസ് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾ രേഖപ്പെടുത്തിയിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. പൊതു സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിന് മുൻപായി കരട് ചട്ടങ്ങൾ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ